(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.12/199/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
തീയതി:26.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി. ഡെവ.കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ.12/199/2019 തീയതി: 26.03.2019

## ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2017 മുതൽ 04.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും ഒരു മറുപടി മാത്രമാണ് ലഭ്യമാക്കിയത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി. എൽ. സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 08.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ. ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ശ്രീമന്ദിരം ശശികുമാർ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. സി. രാജു | 1.4.2017 മുതൽ 31.5.2017 വരെ |
| | ശ്രീമതി. സിസിലി പി. എ. (ജോയിന്റ് ബിഡിഒ – അധിക ചുമതല) | 1.6.2017 മുതൽ 28.2.2018 വരെ |
| | ശ്രീമതി. ആലീസ് പി.വി. (ജോയിന്റ് ബിഡിഒ – അധിക ചുമതല) | 1.3.2018 മുതൽ 31.3.2018 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ജി. ശിവകുമാർ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നെടുങ്കണ്ടം | ഡോ. റിനു അനസ് റാവുത്തർ | 1.4.2017 മുതൽ 3.05.2017 വരെ |
| | ഡോ. മൂർത്തി രാജ് | 4.5.2017 മുതൽ 31.7.2017 വരെ |
| | ഡോ. മെറിൻ ജോർജ് | 1.8.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ ബ്ലോക്ക് പി.എച്ച്.സി, പാമ്പാട്ടുംപാറ | ഡോ. ബിജു ഫിലിപ്പ് | 1.4.2017 മുതൽ 31.3.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. സി.എൻ ദിനേഷ് | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജാൻസി ജോൺ | 1.4.2017 മുതൽ 7.01.2018 വരെ |
| | ശ്രീമതി.ജിജാ സി. കൃഷ്ണൻ | 8.1.2018 മുതൽ 31.3.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. പി.ബി. ബാബു | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. ഡയറക്ടർ, കൃഷി ഭവൻ, നെടുംങ്കണ്ടം | ശ്രീ. പ്രിൻസ് മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അഞ്ജു എസ്.<br>ഡോ. റ്റി.ആർ. രമേഷ് ബാബു | 01.04.2017 മുതൽ 11.7.2017 വരെ<br>12.7.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഭാഗം- 1 | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം. | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം- 2 | | |
| 13 | വാടകകുടിശ്ശിക -₹10825/- | 2-1 |
| 14 | തുഛമായ തുകയ്ക്ക് കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയിരിക്കുന്നു | 2-2 |
| ഭാഗം- 3 | | |
| 15 | മരുന്നുകൾ ലഭ്യമായില്ല – തുക നൽകിയതിന്റെ കൈപ്പറ്റ് രസീതില്ല ₹450000/- തടസപ്പെടുത്തുന്നു. | 3-1 |
| 16 | കുട്ടികളിലെ വിളർച്ച രോഗ പരിശോധനയും ചികിൽസയും - അപാകതകൾ - ചെലവ് തടസ്സം - ₹16,66,983/- | 3-2 |
| 17 | ജവഹർ ഭവനപദ്ധതി-പലിശവിഹിതം അധികം ഒടുക്കിയിരിക്കുന്നു | 3-3 |
| 18 | സർവ്വീസ് ചാർജ് പിൻവലിച്ച തുക ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3-4 |
| 19 | പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു. | 3-5 |
| 20 | വനിത ഗ്രൂപ്പുകൾക്ക് ഡയറി ഫാം യൂണിറ്റ് -അനുവദനീയ പരിധിയിലധികം ധനസഹായം അനുവദിച്ചു. | 3-6 |
| 21 | ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് | 3-7 |
| ഭാഗം- 4 | | |
| 22 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിര നിക്ഷേപം | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 29 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 32 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 33 | വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം | അനുബന്ധം - 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22.03.2017 തീയതിയിലെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 20.03.2017 നം (തീരുമാനം.1) ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വിശദമായ ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. നെടുങ്കണ്ടം ടൗണിൽ മേൽപ്പാലത്തിനായി 20 ലക്ഷം രൂപയും ടൂറിസം വികസനത്തിനായി 55 ലക്ഷം രൂപയും യുവജന പരിശീലനത്തിനായി 30 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ, പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ബജറ്റിൽ നിർദേശമുണ്ടായിരുന്നു. എന്നാൽ, മേൽ നിർദേശങ്ങളിൽ ടൂറിസം വികസനത്തിനുള്ള തുകയായ 7.88 ലക്ഷത്തിന്റെ രണ്ട് പ്രോജക്ടുകൾ ഒഴികെ മറ്റ് പദ്ധതികൾ 2017-18 ൽ ആവിഷ്കരിച്ചിട്ടില്ല. ബജറ്റിൽ വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ 127.10 കോടി രൂപ വരവും 127.49 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്നു. എന്നാൽ യഥാർത്ഥ വരവ് 13 കോടി രൂപ മാത്രമാണ്. വരവും ചെലവും യാഥാർത്ഥ്യബോധത്തോടെയല്ല നിർണയിച്ചിരിക്കുന്നത്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നും പ്രകടമായ വ്യത്യാസമുണ്ടാകുന്ന പക്ഷം അതു സംബന്ധിച്ച വിശദമായ കുറിപ്പും വിവരണവും ബജറ്റിനൊപ്പം ചേർക്കേണ്ടതാണ്. കമ്മിറ്റി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹5000000 |
| വരവ് | ₹1271066000 |
| ആകെ | ₹1276066000 |

| | |
|---|---|
| ചെലവ് | ₹1274945000 |
| നീക്കിയിരിപ്പ് | ₹1121000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 26.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | വാർഷിക കണക്ക് സർട്ടിഫിക്കേഷൻ പരിശോധന നടത്തിയിട്ടില്ല. | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹30639143 |
| വരവ് | ₹100236846 |
| ആകെ | ₹130875989 |
| ചെലവ് | ₹92279793 |
| നീക്കിയിരിപ്പ് | ₹38596196 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45753093 | 45753093 | 40077278 | 5675815 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9688000 | 9688000 | 7664501 | 2023499 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1444000 | 1444000 | 658029 | 785971 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5820000 | 5820000 | 2002460 | 3817540 |

| | | | | | |
|---|---|---|---|---|---|
| ദാരിദ്ര്യ ലഘൂകരണം | 13548 | 20000 | 33548 | 33548 | 0 |
| ഐ.എ.വൈ-ജനറൽ | 16967632 | 19262462 | 36230094 | 7000000 | 29230094 |
| ഐ.എ.വൈ-എസ്.സി.പി | 6382104 | 14044668 | 20426772 | 8500000 | 11926772 |
| ഐ.എ.വൈ-ടി.എസ്.പി | 1843800 | 1462500 | 3306300 | 1718300 | 1588000 |
| ഐ.ഡബ്ല്യു.<br>എം.പി | 2668 | 107877 | 110545 | 53876 | 56669 |
| എൻ.ആർ.<br>എച്ച്.എം | 242707 | 7006 | 249713 | 0 | 249713 |
| എസ്.എച്ച്.എം | 848129 | 0 | 848129 | 0 | 848129 |
| സാക്ഷരത | 49459 | 48300 | 97759 | 97759 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 0 | 16800 | 16800 | 16800 | 0 |
| കുടിവെള്ളം | 0 | 1322656 | 1322656 | 1322656 | 0 |
| മറ്റിനം | 0 | 5208631 | 5208631 | 0 | 5208631 |
| സോഷ്യോ ഇക്കണോമിക്<br>സെൻസസ് | 40134 | 1555 | 41689 | 0 | 41689 |
| നബാർഡ് | 0 | 2394 | 2394 | 0 | 2394 |
| ഐ.എ.വൈ-<br>പ്ലാൻ | 0 | 91000 | 91000 | 0 | 91000 |
| എസ്.ബി.ടി-<br>തനത് | 2112053 | 4442540 | 6554593 | 4721187 | 1833406 |
| ഐ.എ.വൈ-ലോൺ | 20387 | 0 | 20387 | 0 | 20387 |

| | | | | | |
|---|---|---|---|---|---|
| യു.ബി.ഐ-ഹാഡ | 33747 | 0 | 33747 | 32519 | 1228 |
| യു.ബി.ഐ-സെൻസസ് | 40134 | 1555 | 41689 | 0 | 41689 |
| എസ്.ബി.ടി-ടി.എ | 1276 | 47 | 1323 | 0 | 1323 |
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 0 | 3582000 | 3582000 | 3582000 | 0 |
| നബാർഡ് | 60656 | 0 | 60656 | 0 | 60656 |
| ട്രഷറി | 1801030 | 3582000 | 5383030 | 2667274 | 2715756 |
| യു.ബി.ഐ-ഇടുക്കി പാക്കേജ് | 164370 | 10051 | 174421 | 0 | 174421 |
| യു.ബി.ഐ-ഐ.എ.വൈ അഡ്മിൻ | 24168 | 13501 | 37669 | 0 | 37669 |
| യു.ബി.ഐ-ഐ.എ.വൈ ടി.എസ്.സി | 31275 | 1388 | 32663 | 0 | 32663 |
| യു.ബി.ഐ-ഐ.എ.വൈ സെൻട്രൽ | 0 | 19 | 19 | 0 | 19 |

<u>കുറിപ്പ്</u>

1. ആസ്തി ബാദ്ധ്യത പത്രിക ബി-4 ഷെഡ്യൂലിലെ 320300199 ഹെഡിൽ ₹5208631/- നീക്കിയിരിപ്പുണ്ട്. മേൽ ഹെഡിൽ ജേണൽ എൻട്രി മുഖേനെ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

2. ബി-4 ഷെഡ്യൂളിൽ 320100110, 320100111, 320100112 ഹെഡുകളിലെ ആകെ നീക്കിയിരിപ്പ് ₹42744866/- ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരിപ്പ് ₹32338074 (അക്കൗണ്ടിൽ സംയുക്ത പ്രോജക്ട്- 91000 നിക്ഷേപിച്ചിട്ടുണ്ട്) ആണ്. ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

3. ഐ.എ.വൈ അഡ്മിൻ അക്കൗണ്ട് മുന്നിരിപ്പിൽ നിന്നും ദാരിദ്ര്യ ലഘൂകരണം ₹13548 കുറവ് ചെയ്തു

4. ഹാഡ ആക്കൗണ്ട് മുന്നിരിപ്പിൽ നിന്നും സാക്ഷരത ₹28858/- കുറവ് ചെയ്തു. നീക്കിയിരിപ്പിൽ നിന്നും ₹68863/- യും കുറവ് ചെയ്തു.

5. ജനകീയസൂത്രണം അക്കൗണ്ട് നീക്കിയിരിപ്പിൽ നിന്നും ₹2394/- (നബാർഡ്) കുറവ് ചെയ്തു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 81500896 | 78 | 51102268 | - | 29 | 72.89 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| സെക്രട്ടറി | 13 | 11 | 84.62 | 12471900 | 7725264 | 61.94 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 7 | 6 | 85.71 | 5670000 | 4412533 | 77.82 |
| പട്ടികജാതി വികസന ഓഫീസർ | 1 | 1 | 100 | 1955000 | 1255000 | 64.19 |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 4 | 3 | 75 | 3825000 | 2815800 | 73.62 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 1829000 | 1829000 | 100 |
| സീനിയർ വെറ്ററനറി സർജൻ | 1 | 1 | 100 | 1780000 | 500000 | 28.09 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ | 2 | 2 | 100 | 1100000 | 1000000 | 90.91 |

| | | | | | | |
|---|---|---|---|---|---|---|
| ഓഫീസർ | | | | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 36 | 32 | 88.89 | 26440803 | 19215043 | 72.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 41 | 20 | 48.78 | 26129193 | 12049628 | 46.12 |
| ആകെ | 107 | 78 | 72.9 | 81500896 | 51102268 | 62.70 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ₹16295/- (പതിനാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിക്കച്ചിട്ടിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണസംവിധാനത്തിന്റെ ഇടപെടൽ തൃപ്തികരമല്ല. സ്റ്റാന്റിംഗ് കമ്മറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗ് ഫലപ്രദമായ രീതിയിൽ നിർവഹണം നടത്തിയിട്ടില്ല .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-2006 മുതൽ 16-11-2006 വരെ | 2005-2006& 2006-2007 | 30-09-2009 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-03-2015-19-03-2015& 16-04-2015-18-04-2015 | 2009-10 to 2013-14 | 19-06-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ലാത്തിനാൽ ആസ്തി ബാദ്ധ്യത പത്രികയിലെ ആസ്തികളുടെ മൂല്യം വ്യക്തമല്ല.

2. ആസ്തികളുടെ മൂല്യശോഷണം സംബന്ധിച്ച് പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മൂല്യശോഷണം രേഖപ്പെടുത്തിയിരിക്കുന്നത് വ്യക്തമല്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടകകുടിശ്ശിക -ഈടാക്കിയിട്ടില്ല

2017-18 ൽ വാടകയിനത്തിൽ ₹10875/- ഈടാക്കുവാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| കെട്ടിടം/റൂം നം | വാടകക്കാരൻ | പ്രതിമാസവാടക | കുടിശിക | തവണ |
|---|---|---|---|---|
| നെടുംകണ്ടം പടിഞ്ഞാറേക്കവല SGSY കെട്ടിടം-GF-4 | പുലരി കുടുംബശ്രീ ചേമ്പളം | 750 | 750 | മാർച്ച് 2018 |
| രാജക്കാട് SGSY കെട്ടിടം | അന്നപൂർണ്ണ എസ്.എച്ച്.ജി രാജക്കാട് | 375 | 1125 | ജനുവരി, ഫെബ്രുവരി, മാർച്ച് 2018 |
| രാജക്കാട് SGSY കെട്ടിടം | ധനലക്ഷ്മി എസ്.എച്ച്.ജി രാജക്കാട് | 375 | 4500 | 2017 ഏപ്രിൽ- 2018 മാർച്ച് |
| രാജകുമാരി SGSY കെട്ടിടം | ഐശ്വര്യ എസ്.എച്ച്.ജി | 375 | 4500 | ” |
| | ആകെ | | **10875** | |

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾക്ക് തുച്ഛമായ വാടക മാത്രമാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിലും അതും പൂർണ്ണമായി ഈടാക്കുവാൻ സാധിച്ചിട്ടില്ല. വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെയും മുറികളുടെയും കൃത്യമായ കണക്കെടുക്കുകയും വാടക കാലോചിതമായി പരിഷ്കരിച്ച് ഈടാക്കുകയും രജിസ്റ്ററിൽ കെട്ടിട മുറി നമ്പരുകൾ ഉൾപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

### 2-2 തുഛമായ തുകയ്ക്ക് കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയിരിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ച് കെട്ടിടങ്ങൾ ഓഡിറ്റ് വർഷത്തിൽ വാടകയ്ക്ക് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| കെട്ടിടം | ആകെ മുറികൾ | വാടകയ്ക്ക് നല്കിയ മുറികൾ | പ്രതിമാസ വാടക | വാർഷിക വാടക |
|---|---|---|---|---|
| നെടുംകണ്ടം കിഴക്കേക്കവല SGSY കെട്ടിടം | 9 | 7 | 6x750 =4500<br>1x100 =100 | 55200 |
| നെടുംകണ്ടം പടിഞ്ഞാറേക്കവല SGSY കെട്ടിടം | 8 | 8 | 750x8 =6000 | 72000 |
| രാജക്കാട് SGSY കെട്ടിടം | 8 | 4 | 375x4 =1500 | 18000 |
| രാജകുമാരി SGSY കെട്ടിടം | 6 | 1 | 375x1= 375 | 4500 |
| ഉടുമ്പൻചോല SGSY കെട്ടിടം | 3 | 3 | 375 | 13500 |
| തൂക്കുപാലം മാർക്കറ്റ് കെട്ടിടം | 3 | 3 | 1000x3= 3000 | 15000 (5മാസത്തെ വാടക) |
| മുണ്ടിയെരുമ ഷോപ്പിംഗ് കോംപ്ലക്സ് | 2 | 2 | 2x1000 =2000 | 2000 (1 മാസത്തെ വാടക) |
| | ആകെ വാടക (ഡിമാന്റ്) | | | 180200 |

നിരവധി വ്യാപാരസമുച്ചയങ്ങൾ ഉള്ളതും ജില്ലയിലെ പ്രമുഖ പട്ടണവുമായ നെടുംകണ്ടത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്കും വാണിജ്യ കേന്ദ്രമായ തൂക്കുപാലം, രാജക്കാട്, രാജകുമാരി തുടങ്ങിയ സ്ഥലങ്ങളിലെ കെട്ടിടങ്ങളിൽ നിന്നും പ്രതിമാസം ₹1000, ₹750, ₹375 എന്നീ നിരക്കുകളിൽ തുഛമായ വാടക മാത്രമാണ് ഈടാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരുന്നുകൾ ലഭ്യമായില്ല – തുക നൽകിയതിന്റെ കൈപ്പറ്റ് രസീതില്ല.

| | |
|---|---|
| പദ്ധതി | ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങൽ (S0077/18) |
| അടങ്കൽ | ₹450000/- |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പാമ്പാട്ടുംപാറ |
| ചെലവ് | ബിൽ നം.5/17-18/11.11.17 തുക ₹450000/-<br>ബ്ലോക്ക് പി.എച്ച്.സി, പാമ്പാട്ടുംപാറ-യ്ക്ക് മരുന്നുവാങ്ങൽ |

മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി ₹450000/- പിൻവലിച്ച് മെഡിക്കൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ഈ തുക KMCL-ന് കൈമാറിയതിന്റെ വിവരമോ തുക KMCL കൈപ്പറ്റിയതിന്റെ വിവരമോ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/07.03.2019) മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് പാസ് ബുക്ക് വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥാപനത്തിൽ നിന്നും നാളിതുവരെ മരുന്നും ലഭ്യമായിട്ടില്ല. ആയതിനാൽ ₹450000/-യുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 കുട്ടികളിലെ വിളർച്ച രോഗ പരിശോധനയും ചികിൽസയും-വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| പദ്ധതി | കുട്ടികളിലെ വിളർച്ച രോഗ പരിശോധനയും ചികിൽസയും (SO080/18) |
| അടങ്കൽ (വികസന ഫണ്ട് - ജനറൽ) | 20,00,000/- |
| ചെലവ് | ₹16,66,983/- (ഇനം തിരിച്ച് ചുവടെ ചേർക്കുന്നു) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |

5 മുതൽ 12 വയസുവരെയുള്ള 16000 കുട്ടികളിൽ രക്ത പരിശോധന നടത്തി പരിശോധന ഫലം കമ്പ്യൂട്ടറിൽ ഉൾപ്പെടുത്തി ദേശീയ മാനദണ്ഡമനുസരിച്ച് വിശകലനം നടത്തുകയും അതനുസരിച്ച് ക്യാംമ്പുകൾ സംഘടിപ്പിച്ച് ആവശ്യമായ കുട്ടികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതാണ് പദ്ധതി.

പ്രസ്തുത പദ്ധതിയുടെ ചെലവ് വിരങ്ങൾ വിശദമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | തുക | ചെലവ് ആവശ്യം |
|---|---|---|---|
| | 10/17-18/ 23.01.18 | 19800 | ഫ്ലക്സ്, നോട്ടീസ് പ്രിന്റിംഗ് ചാർജ് |
| | 11/17-18/ 23.01.18 | 19500 | മൈക്ക് അനൗൺസ്മെന്റ് |
| | 12/17-18/ 23.01.18 | 19200 | മൈക്ക് അനൗൺസ്മെന്റ്, റീഫ്രഷ്മെന്റ്, പ്രിന്റിംഗ്, സ്റ്റേജ് ഡെക്കറേഷൻ |
| | 18/17-18/ 22.03.18 | 261847 | ഫ്ലക്സ് - 40500<br>മരുന്നുകൾ - 43447<br>ഹോണറേറിയം - 86790<br>യാത്ര, റീഫ്രഷ്മെന്റ്, മുതലായവ - 91110/- |

| | | | |
|---|---|---|---|
| | | | |
| | 21/17-18/ 28.03.18 | 1346636 | മരുന്നുകൾ ലഭ്യമാക്കുന്നതിന് KMCL, തിരുവനന്തപുരത്തിന് നൽകുന്നതിന് പിൻവലിച്ചത്. |
| | | 1666983 | |

പദ്ധതി നടത്തിപ്പ്, തുടർനടത്തിപ്പ് എന്നിവ സംബന്ധിച്ച് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി KMCL-ൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ പരാമർശിച്ച പ്രകാരം ₹1346636/- പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക കൈമാറിയതായോ തുക ലഭിച്ചതിന്റെ കൈപ്പറ്റ് വിവരങ്ങളോ ലഭ്യമല്ല. പ്രസ്തുത തുകയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2. വിളർച്ചാരോഗ നിർണ്ണയത്തിന് വേണ്ടി ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ആകെ പിൻവലിച്ച ₹1666983/-ൽ മരുന്നിന് വേണ്ടി പിൻവലിച്ച ₹1346636/- ഒഴികെ ₹320347/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പ് നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. (5 ഫോട്ടോകൾ മാത്രം ലഭ്യമാണ്.)

3. എത്ര കുട്ടികളിൽ രോഗനിർണ്ണയം നടത്തിയെന്നോ എത്രപേർക്ക് വിളർച്ചാരോഗം കണ്ടെത്തിയെന്ന് വ്യക്തമല്ല.

4. രോഗം കണ്ടെത്തിയെങ്കിൽ തുടർ നടത്തിപ്പ് സംബന്ധിച്ച വിവരം വ്യക്തമല്ല.

5. ക്യാംപ് നോട്ടീസ് പ്രകാരം 06.11.2017-ൽ പോത്തിൻകണ്ടം എന്ന സ്ഥലത്ത് വച്ച് ബ്ലോക്ക് തല ഉൽഘാടനം നടത്തിയതായി കാണുന്നു. എന്നാൽ മരുന്നുകൾ വാങ്ങുന്നതിന് 28.03.18-ൽ മാത്രമാണ് തുക പിൻവലിച്ചത്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായതായും കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കാതെ പദ്ധതി ആരംഭിച്ചതിന് കാരണം വ്യക്തമല്ല.

6. ഹോണറേറിയം ഇനത്തിൽ ₹86790/- ചെലവഴിച്ചതായി കാണുന്നു. തുക കൈപ്പറ്റിയവരുടെ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ല.

7. പദ്ധതി നടത്തിപ്പിന് വേണ്ടി ABC Diagnostics Pvt.Ltd, Kottayam എന്ന സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം (മരുന്ന്, സിറിഞ്ച് തുടങ്ങിയവ) ₹43447/- നൽകിയിട്ടുണ്ട്. ഇങ്ങനെ സ്വകാര്യ സ്ഥാപനത്തിൽനിന്നും വാങ്ങൾ നടത്തുവാനുണ്ടായ കാരണം വ്യക്തമല്ല.

8. നോട്ടീസ്, ഫ്ലക്സ്, യാത്ര, റീഫ്രഷ്മെന്റ്, മുതലായവ ഇനങ്ങളിലായി ₹190110/- ചെലവ് വന്നിട്ടുണ്ട്. ഇത്രയും ഭീമമായ തുക പരസ്യത്തിൽ മാത്രം വരാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5 തീ.07.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ നിലനിൽക്കുന്നതിനാൽ ₹16,66,983/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ജവഹർ ഭവനപദ്ധതി-പലിശവിഹിതം അധികം ഒടുക്കിയിരിക്കുന്നു

ജവഹർ ഭവനപദ്ധതിയ്ക്കുവേണ്ടി ഗ്രാമപഞ്ചായത്തുകൾ ജില്ലാസഹകരണബാങ്കിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയുടെ 1% പലിശ ബ്ലോക്ക് പഞ്ചായത്തുകൾ നല്കേണ്ടതുണ്ട്. ആയതിലേയ്ക്ക് ₹1200000/- വകയിരുത്തി പദ്ധതി തയ്യാറാക്കുകയും അംഗീകാരം നേടുകയും ചെയ്തിരുന്നു. താഴെ വിവരിക്കും പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക | അക്കൗണ്ട് നം | ബാങ്ക് |
|---|---|---|---|
| കരുണാപുരം | 177806 | 10644634077 | എസ്.ബി.ഐ കൂട്ടാർ |
| നെടുംങ്കണ്ടം | 500000 | 799011400002800 | സബ്ട്രഷറി നെടുംകണ്ടം |
| ഉടുമ്പൻചോല | 134486 | 120281201220001 | ജില്ലാ ബാങ്ക്,ചെമ്മണ്ണാർ ശാഖ |
| സേനാപതി | 21485 | 735302010002368 | യൂണിയൻ ബാങ്ക്, സേനാപതി |
| രാജക്കാട് | 52000 | 372302010023405 | യൂണിയൻ ബാങ്ക്, രാജക്കാട് |
| രാജകുമാരി | 78000 | 3722020010005724 | യൂണിയൻ ബാങ്ക്, രാജകുമാരി |
| ആകെ | 963777 | | |

08.09.2017-ൽ വിവിധ ബാങ്കുകളിലേയ്ക്ക് മേൽ വിവരിച്ച തുക നല്കിയിട്ടുണ്ട്. എന്നാൽ പലിശ തുക ഗ്രാമപഞ്ചായത്തുകൾ യഥാസമയം ജില്ലാ ബാങ്കിലെ ലോൺ അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. തുടർന്ന് 08.01.2018ൽ ജില്ലാ ബാങ്ക് 30.11.2017 വരെയുള്ള പലിശ തുകയായി ₹7,72,230/- ബ്ലോക്ക് പഞ്ചായത്തിനോട് ഡിമാന്റ് ചെയ്തു. തുടർന്ന് ഇത് സംബന്ധിച്ച കത്തിടപാടുകൾ ബന്ധപ്പെട്ട പഞ്ചായത്തുകളുമായി നടത്തിയാൽ മതിയെന്ന് കാണിച്ച് ബ്ലോക്ക് പഞ്ചായത്ത് ബാങ്കിന് കത്ത് നല്കിയിട്ടുണ്ട്. ബാങ്ക് ആവിശ്യപ്പെട്ടതിൽ കൂടുതൽ തുക ബ്ലോക്ക് പഞ്ചായത്ത് നല്കിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തും എടുത്തിട്ടുള്ള ലോൺ തുക സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ പഞ്ചായത്തുകൾ ഡിമാന്റ് ചെയ്യുന്ന തുകയാണ് നല്കുന്നത്. ഇത് കൂടുതൽ തുക നല്കുന്നതിന് കാരണമാകുന്നു. ആയതിനാൽ ലോൺ തുക സംബന്ധിച്ചും തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ചും കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

## 3-4 സർവ്വീസ് ചാർജ് പിൻവലിച്ച തുക ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നു.

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ സർവ്വീസ് ടാക്സ് ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക അസി.എക്സി.എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി സേവിംഗ്സ്

അക്കൗണ്ടിൽ (നമ്പർ.710041400000100) നിക്ഷേപിച്ചിരിക്കുകയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബിൽ വിവരം | സർവ്വീസ് ടാക്സ് | ട്രഷറി അക്കൗണ്ടിൽ വന്ന വിവരം |
|---|---|---|---|
| പകൽ വീട് പൂർത്തീകരണം (11/17-18) | 16/30-6-17 ₹594356 | ₹232089/- | 30-6-17 |
| മാങ്ങാത്തൊട്ടി SGSY കെട്ടിടത്തിൽ ടോയ് ലറ്റ് (43/17-18) | 15/30-6-17 ₹406591/- | ₹38635/- | 30-6-17 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് (33/17-18) | 13/30-6-17 ₹1499060/- | ₹142445/- | 30-6-17 |
| നെടുങ്കണ്ടം കിഴക്കേക്കവല SGSY കെട്ടിടത്തിൽ ടോയ് ലറ്റ് (42/17-18) | 20/25-7-17 ₹543138/- | ₹49388/- | 31-7-17 |
| ത്തൂക്കുപാലം കർഷകമാർക്കറ്റ് പൂർത്തീകരണം (4/17-18) | 19/28-7-17 ₹999323/- 18/29-7-17 ₹548544/- | ₹56565/- ₹57160/- | 29-7-17 31-7-17 |
| നെടുങ്കണ്ടം കർഷകമാർക്കറ്റ് (35/17-18) | 17/17-7-17 ₹1163592/- | ₹65864/- | 31-7-17 |
| ആകെ | | ₹642146/- | |

സർവ്വീസ് ടാക്സായി ഈടാക്കിയ തുക ഒടുക്കിയതായോ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായോ കാണുന്നില്ല. ലഭ്യമാക്കിയ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 13.09.2018-ലെ ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹369287/-യാണ്. ലഭ്യമായ സർവ്വീസ് ടാക്സിനെക്കാൾ കുറവായി അക്കൗണ്ടിൽ നീക്കിബാക്കി വന്നതിന്റെ കാരണം വിശദമാക്കേണ്ടതാണ്. 2017-18 വർഷം സർവ്വീസ് ചാർജായി ഈടാക്കിയ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു.

ശരിയായ രീതിയിൽ പഠനം നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാൽ നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ കർഷക മാർക്കറ്റുകളും വിപണനകേന്ദ്രങ്ങളും നിർമ്മിക്കുന്നതിന് ഗണ്യമായ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പ്രോജക്ടുകളുടെയും ആവശ്യകത നിർണ്ണയിക്കുകയോ സാധ്യതാ പഠനം നടത്തുകയോ ചെയ്തിട്ടില്ല. പട്ടിക ജാതി പ്രത്യേക ഘടകപദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം സംബന്ധിച്ച് ഇലക്ട്രിഫിക്കേഷൻ ജോലികൾ ഉൾപ്പെടെ പ്രോജക്ട് പൂർണ്ണമായി തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ലഭ്യതക്കനുസരിച്ച് ബഹുവർഷ പ്രോജക്ടായി നടപ്പാക്കേണ്ട പദ്ധതികൾ ഓരോ വർഷവും പുതിയ പ്രോജക്ടുകളായി ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു. രാജാക്കാട് ഗ്രാമപഞ്ചായത്തിലെ കുമ്പപ്പാറ മാർക്കറ്റ് പദ്ധതിക്കുവേണ്ടി പട്ടികജാതി പ്രത്യേക ഘടകപദ്ധതി ഫണ്ട് 2017-18 വർഷം ₹861335/- (ബിൽനം.34/17-18, 28-2-18) ചെലവഴിച്ചിട്ടുണ്ട്. ആയതിനുവേണ്ടി 2018-19 വർഷത്തിലും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ സ്ട്രക്ചറൽ രൂപം മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. പൂർണമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. രാജകുമാരി എസ്.സി മാർക്കറ്റിനു വേണ്ടി 2017-18 വർഷം ₹1134634/ (ബിൽ നം.45/17-18, 28-3-18) വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ മുൻവർഷങ്ങളിൽ വിവിധ ഫണ്ടുപയോഗിച്ച് നിർമ്മിച്ച മാർക്കറ്റ് കെട്ടിടം യാതൊരു പ്രവർത്തനവുമില്ലാതെ നിഷ്ക്രിയമായി നിലനിൽക്കുമ്പോൾ അതിനു സമീപം തന്നെ ഇതേ ആവശ്യത്തിനു കെട്ടിടം നിർമ്മിക്കുന്നതിന്റെ ലക്ഷ്യം വ്യക്തമാക്കിയിട്ടില്ല. ഒരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ വിശദമായി അപഗ്രഥിച്ച് അടിസ്ഥാന വികസനം ലക്ഷ്യമാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വനിത ഗ്രൂപ്പുകൾക്ക് ഡയറി ഫാം യൂണിറ്റ് -അനുവദനീയ പരിധിയിലധികം ധനസഹായം അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം | 137/2107 |
| ബിൽ നം/തീയതി/തുക | 1/2016-17, 30.3.17, 2400000 |
| ,, | 1/2017-18, 30.6.2017, 1829000.00 |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2016-17 സാമ്പത്തിക വർഷം ₹42,29,000 അടങ്കലിൽ അവിഷ്കരിച്ച് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി നടപ്പാക്കിയ കുടുംബശ്രീ യൂണിറ്റുകൾക്ക് ഡയറി യൂണിറ്റ് എന്ന പ്രോജക്ടിൽ അർഹതയിൽ കൂടുതൽ സബ്സിഡി അനുവദിച്ചതിനാൽ 2016-17 സാമ്പത്തിക വർഷം ₹1110000/-യും 2017-18 സാമ്പത്തിക വർഷം ₹614000/-യും അധികം

ധനസഹായം നൽകി. കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് കറവ പശുക്കളെ നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം ₹24,00,000/-യും 2017-18 സാമ്പത്തിക വർഷം ₹18,29,000/-യും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.01.2016 ലെ സ.ഉ (സാധാ)നം. 4/2016 പ്രകാരം പുറപ്പെടുവിച്ച 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി മാർഗ്ഗരേഖയുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയിൽ കറവയുള്ള പശു, എരുമ വിതരണത്തിനായി അനുവദനീയമായ സബ്ഡിഡി നിരക്ക് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1ൽ 10 പേർ അടങ്ങിയ ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 2 ലക്ഷം എന്ന പരിധിക്ക് വിധേയമായി 50 ശതമാനം സബ്സിഡി അനുവദിക്കാവുന്നതാണ്. ഗ്രൂപ്പ് സംരംഭങ്ങളിൽ 10 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അംഗങ്ങൾ 5 ൽ കുറയാത്തതും 10 ൽ കുറഞ്ഞതുമാണെങ്കിലും ധനസഹായം നൽകാമെന്നും അങ്ങനെ ധനസഹായം നൽകുമ്പോൾ അംഗങ്ങളുടെ കുറവിന് ആനുപാതികമായി ധനസഹായ തുകയിൽ കുറവ് വരുത്തണമെന്നും നിബന്ധനയുണ്ട്. ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റ യൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണമെന്നും അങ്ങനെ ഇല്ലെങ്കിൽ വ്യക്തിഗത സംരംഭമായി കണക്കാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തികൾക്ക് പരമാവധി 15000 എന്ന പരിധിക്ക് വിധേയമായി 50 ശതമാനം സബ്സിഡിയാണ് അനുവദിക്കാവുന്നതാണ്. എന്നാൽ, പ്രോജക്റ്റ് മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് നടപ്പാക്കിയത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | പദ്ധതിക്കായി കരാറിൽ ഏർപ്പെട്ടവർ | അനുവദിച്ച സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി | അധികം അനുവദിച്ച ധനസഹായം |
|---|---|---|---|---|---|
| | 2017-18 | | | | |
| 1 | കൈരളി വനിത സ്വയംസഹായ സംഘം, താന്നിമൂട് | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 2 | അനുഗ്രഹ വനിത സ്വയം സഹായ സംഘം, തേക്കിൻകാനം | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 3 | സ്വാന്തനം വനിത സ്വയം സഹായ സംഘം, രാജാക്കാട് | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 4 | സ്ത്രീശക്തി വനിത സ്വയം സഹായ സംഘം, രാജാക്കാട് | 6 | 120000 (20000x6) | 90000 (15000x6) | 30000 |

| | | | | | |
|---|---|---|---|---|---|
| 5 | സാഗര വനിത സ്വയംസഹായ സംഘം, ചെമ്മണ്ണാർ | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 6 | തേജസ് വനിത സ്വയംസഹായ സംഘം, കമ്പംമെട്ട് | 6 | 120000 (20000x6) | 90000 (15000x6) | 30000 |
| 7 | ഹരിത വനിത സ്വയംസഹായ സംഘം, ബാലഗ്രാം | 6 | 120000 (20000x6) | 90000 (15000x6) | 30000 |
| 8 | ഗോകുലം വനിത സ്വയംസഹായ സംഘം, അരുവിലാംചാൽ | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 9 | കൽപ്പക വനിത സ്വയംസഹായ സംഘം, രാജകുമാരി സൗത്ത് | 6 | 120000 (20000x6) | 90000 (15000x6) | 30000 |
| 10 | ഹരിത വനിത സ്വയംസഹായ സംഘം, കമ്പംമെട്ട് | 6 | 120000 (20000x6) | 90000 (15000x6) | 30000 |
| 11 | കൃപ വനിത സ്വയംസഹായ സംഘം, പുഷ്പകണ്ടം | 5 | 119000 (23800x5) | 75000 (15000x5) | 44000 |
| 12 | സമൃദ്ധി വനിത സ്വയംസഹായ സംഘം, കോമ്പയാർ | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 13 | ക്ഷീരസമൃദ്ധി വനിത സ്വയംസഹായ സംഘം, ബാലഗ്രാം | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 14 | സ്നേഹ വനിത സ്വയംസഹായ സംഘം, മുണ്ടിയെരുമ | 5 | 120000 (24000x5) | 75000 (15000x5) | 45000 |
| 15 | ഏദൻ വനിത സ്വയംസഹായ സംഘം, മമ്മട്ടിക്കാനം | 5 | 120000 (24000x5) | 75000 (15000x5) | 45000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | | | **614000** |
| | **2016-17** | | | | |
| 1 | സൂര്യ വനിത സ്വയംസഹായ സംഘം, കുഴിത്തൊളു | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 2 | സംഗമം വനിത സ്വയംസഹായ സംഘം, ബഥേൽ | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 3 | ഒരുമ വനിത സ്വയംസഹായ സംഘം, കല്ലുപാലം | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 4 | കൃപ വനിത സ്വയംസഹായ സംഘം, സേനാപതി | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 5 | ക്ഷീരവർദ്ധിനി വനിത സ്വയംസഹായ സംഘം, ചേറ്റുപാറ | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 6 | നവധാര വനിത സ്വയംസഹായ സംഘം, ബാലഗ്രാം | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 7 | സംമൃദ്ധി വനിത സ്വയംസഹായ സംഘം, കല്ലാർ | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 8 | അക്ഷര വനിത സ്വയംസഹായ സംഘം, അരുവിലാംചാൽ | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 9 | ഗാന്ധിജി വനിത സ്വയംസഹായ സംഘം, പുഷ്പകണ്ടം | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 10 | പവിഴം വനിത സ്വയംസഹായ സംഘം, പുഷ്പകണ്ടം | 5 | 150000 (30000x5) | 75000 (15000x5) | 75000 |

| | | | | | |
|---|---|---|---|---|---|
| 11 | ഹരിത വനിത സ്വയംസഹായ സംഘം, വലിയതോവാള | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 12 | ഐശ്വര്യ വനിത സ്വയംസഹായ സംഘം, കമ്പംമെട്ട് | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 13 | ക്ഷീരശ്രീ വനിത സ്വയംസഹായ സംഘം, കൈലാസനാട് | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 14 | സുഗന്ധറാണി വനിത സ്വയംസഹായ സംഘം, രാജകുമാരി | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| 15 | കാമധേനു വനിത സ്വയംസഹായ സംഘം, കല്ലാർ | 5 | 150000 (30000x5) | 75000 (15000x5) | 75000 |
| 16 | പ്രിയങ്ക വനിത സ്വയംസഹായ സംഘം, കുളപ്പറച്ചാൽ | 6 | 150000 (25000x6) | 90000 (15000x6) | 60000 |
| | ആകെ **(2016-17)** | | | | **1110000** |
| | ആകെ **(2016-17,2017-18)** | | | | **1724000** |

പൊതുവായ വിപണ സംവിധാനത്തിന്റെ വിശദാംശങ്ങളും ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിനായി 2017-18 ൽ ചെലവഴിച്ച ₹1829000/- അപാകതകൾ പരിഹരിക്കാത്ത പക്ഷം 1996 ലെ കേരള ലോക്കൽ ഫണ്ട് നിയമം സെക്ഷൻ 16 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## **3-7** <u>ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നില്ല.</u>

തൊഴിലുറപ്പ് പദ്ധതി, സംയോജിത നീർത്തട പദ്ധതി തുടങ്ങിയ ഇനങ്ങളിൽ പദ്ധതിക്കാവശ്യമായ

തുകകളില്ലാതെ വരുമ്പോൾ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽനിന്ന് തുക മുൻകൂറായി നൽകി ചെലവ് നടത്തുന്നു. എന്നാൽ ഇത്തരം മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. ഈ ഇനങ്ങളിൽ നാളിതുവരെ എത്ര തുക മുൻകൂർ നൽകിയിട്ടുണ്ടെന്നോ, എത്ര തുക ക്രമീകരിച്ചിട്ടുണ്ടെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിലുള്ള മുൻകൂറുകൾ തനതുഫണ്ട് ചെലവായി കണക്കിൽ കാണിക്കുന്നതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ തിരികെ ലഭിക്കാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്റർ യഥാവിധി പരിപാലിച്ച് കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

തൻവർഷം നൽകിയ മുൻകൂറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയത് | തുക |
|---|---|
| തൊഴിലുറപ്പ് പദ്ധതി - ജീവനക്കാരുടെ വേതനം, ഓഫീസിലേയ്ക്ക് കംപ്യൂട്ടർ വാങ്ങിയത്, ടെന്റർ പരസ്യ ചെലവ് തുടങ്ങിയവ (വിവിധ ബില്ലുകളിലായി ആകെ തുക) | 1094000 |
| സംയോജിത നീർത്തട പദ്ധതി ടീം അംഗങ്ങളുടെ വേതനം (വിവിധ ബില്ലുകളിലായി ആകെ തുക) | 389103 |
| ആകെ | **1483103** |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വരവ് | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|---|
| ഇ.എം. എസ്. ഭവന നിർമ്മാണം | സ.ഉ.നം. 1673/2010 /ത.സ്വ.ഭ.വ തീ.19.5.10 | 1703819750 | 3869855 | 0 | 1500000 | 0 | 2369855 |
| ഐ.എ. വൈ ഭവന പദ്ധതി | സ.ഉ.നം. (എം.എസ്) 90/13/ ത.സ്വ.ഭ.വ തീ.14.03.13 | 1200000 | 1200000 | 0 | 0 | തിരിച്ചടവ് വിവരങ്ങൾ ലഭ്യമല്ല | തിരിച്ചടവ് വിവരങ്ങൾ ലഭ്യമല്ല |

സർക്കാർ ഉത്തരവ് നം.(എം.എസ്) 90/13/ത.സ്വ.ഭ.വ തീ.14.03.2013 പ്രകാരം ഐ.എ.വൈ ഭവന പദ്ധതിപ്രകാരമുള്ള വായ്പ തുകയുടെ മുതലും പലിശയും സർക്കാർ നേരിട്ട് ഒടുക്ക് വരുത്തുന്നതാകയാൽ പഞ്ചായത്തിൽ തിരിച്ചടവ് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വായ്പ ലഭ്യമാക്കിയ ഐ.ഡി.സി.ബി. നെടുങ്കണ്ടം ബാങ്കിന്റെ 20.3.2018-ലെ L/INDLS/01/0050/IAY/HL/207-18 കത്ത് പ്രകാരം 31.3.2018 വരെ പലിശയിനത്തിൽ ₹617309/-, മുതൽ ഇനത്തിൽ ₹480000/- തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ രജിസ്റ്ററിൽ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി യഥാവിധി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപമിനത്തിൽ തൻവർഷം വരവ്/ചെലവ് ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-2001 | അവലോകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-2001 | അവലോകനം | ടിഷ്യൂകൾച്ചർ യൂണിറ്റിന് ഒരു ലക്ഷം | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | | | ്രൂപ നഷ്ടം | |
| 2000-2001 | 20 | 2003-2004 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടു നൽകി | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ബി**)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്ക വറി നടപടി യി ലൂടെ ഈടാ ക്കിയ തുക (തീയ തി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | ഖ.17, 24, 30, 31, 32, 33 | കെ.കെ. കൃഷ്ണൻ | LF 24258/ SC2/ 2000 Dt. 12.04.02 | 89403 | | | | | | 89403 | |
| 2 | 1997-98 | 16 | മോളി ജോർജ് | LF 24258/ SC2/ 2000 Dt. 12.04.02 | 2500 | 500, 8/ 2000 | | | | | 2000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹100236846 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹92279793 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3945983 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 450000 | ഡോ. ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ,<br>ബ്ലോക്ക് പി.എച്ച്.സി., പാമ്പാടുംപാറ |
| 3-2 | 1666983 | ഡോ. ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ,<br>ബ്ലോക്ക് പി.എച്ച്.സി., പാമ്പാടുംപാറ |
| 3-6 | 1829000 | ശ്രീമതി. ജാൻസി ജോൺ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 3945983 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, | ഡോ. ബിജു ഫിലിപ്പ്, മെഡിക്കൽ ഓഫീസർ, ബ്ലോക്ക് പി.എച്ച്.സി., പാമ്പാടുംപാറ | തെക്കേൽ വീട്, കാരിക്കോട് പി.ഒ., കോട്ടയം – പിൻ – 686610 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1995-96 & 1996-97 | എൽ എഫ് ഐ-3/443/98 തീയതി 5.3.1999 | 5 | 11,13,14,15,16 |
| 1997-98 | എൽ എഫ് ഐ-3/11/99 തീയതി 5.7.1999 | 13 | 13,15,16,17,24, 25,29,30,31,32, 33,34,35 |
| 1998-99 | എൽ.എഫ്ഐ.3/ 299/ 2000/06.11.2000 | 14 | 19,20,21,25,26, 27,28,30,32,33, 34,35,36,38 |
| 1999-2000 | എൽ.എഫ്.ഐ.3/ 744/2000 /20.02.2001 | 18 | 1,10,16,17, 18,19,20, 21,22,23, 24,25,28,29,30, 32,35,38 |
| 2000-2001 | എൽ.എഫ്.ഐ.3/ 742/2002 /05.04.2003 | 11 | 1,11,12,13,17, 18,19,23, 24,25,26 |
| 2001-2002 | എൽ.എഫ്.ഐ.4/ 231/04 /08.09.2004 | 1 | 3-8 |
| 2002-03 | എൽ.എഫ്.ഐ.4/ 26/2005 /28.01.2005 | 4 | 3-1,3-2,3-3,4-12 |
| 2003-04 | എൽ.എഫ്.ഐ.4/ 287/2005 /04.07.2005 | 5 | 3-1,3-2,3-3, 3-4,3-5 |
| 2004-05 | എൽ.എഫ്.ഐ. 4/1033/2006/24.01.2007 | | |
| 2005-06 | എൽ.എഫ്.ഐ.4/514 /08/29.08.2008 | 4 | 3-1,3-2,3-3,3-4 |
| 2006-07 | എൽ.എഫ്.ഐ.4/287 /2009/01.10.2009 | | |
| 2007-08 | എൽ.എഫ്.ഐ.4/851 /10/29.11.10 | 5 | 3-1,3-3,3-4, 3-5,3-6 |
| 2008-09 | എൽ.എഫ്.ഐ.4/280 /11/08.08.2011 | 9 | 2-4,2-5,2-6, 2-7,3-1,3-2, 3-3,3-4,3-5 |
| 2009-10& 2010-11 | എൽ.എഫ്.ഐ.4/1385 /12/02.08.2013 | 5 | 2-1,3-1,3-2, 3-3,3-5 |

| | | | |
|---|---|---|---|
| 2011-12& 2012-13 | എൽ.എഫ്.ഐ.4/393 /14/07.06.14 | 8 | 3-1,3-2,3-3, 3-4,3-5, 3-6,3-7,3-8 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.12/ 1398/2015 തീ. 07.01.2016 | 11 | 2-1,2-2,2-3, 3-1,3-2, 3-4,3-5,3-6, 3-7,3-8,3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 12/ 27/2017 തീ. 4.3.2017 | 7 | 2-1,2-2,3-1, 3-2,3-3, 3-4,3-5 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 12/1506/2017 തി. 2.11.17 | 5 | 2-1,2-2,3-1, 3-3(2-6),3-5 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 26.03.2019

നം.കെ.എസ്.എ-ഐ.ഡി.കെ-12/199/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ,

നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി